ഹയർസെക്കന്ററി ഡയറക്ടറുടെ
കാര്യാലയം
ഹൗസിംഗ്ബോർഡ് ബിൽഡിംഗ്,
ശാന്തിനഗർ,
തിരുവനന്തപുരം.

നം.ഫിൻ ബി5/70429/എച്ച്. എസ്.ഇ/2017

തീയതി: 24/11/2018

പരിപത്രം

വിഷയം: PTA ഫണ്ട് - രസീത് നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച്

സൂചന: ഗവൺമെന്റ് സെക്രട്ടറിയുടെ 24/10/2018-ലെ878674/G1/2016/G.Edn നമ്പർ കത്ത്

എല്ലാ ഹയർസെക്കന്ററി സ്കൂളുകളിലും നിലവിൽ അഡ്മിഷൻ സമയത്ത് പി.ടി.എ ഫണ്ട് ശേഖരിക്കുമ്പോൾ ഡ്യൂപ്ലിക്കേറ്റ് മാതൃകയിലുള്ള കൗണ്ടർഫോയിൽ രസീതാണ് നൽകുന്നത്. എന്നാൽ ഇത്തരം രസിതുകൾക്ക് സുതാര്യത ഉറപ്പുവരുത്താൻ കഴിയുന്നില്ല എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നിലവിലെ രസീതിനു പകരമായി രണ്ടു വശത്തും കാർബൺ ഉള്ള (duplicate receipt book with double sided carbon) TR5 രസീത് ബുക്കിലെ രസീതി പോലെ ഡ്യൂപ്ലിക്കേറ്റ് ബന്ധപ്പെട്ടയാൾക്ക് നൽകുന്ന തരത്തിൽ സംവിധാനം ഏർപ്പെടുത്തേണ്ടതാണ് പി.ടി.എ ഫണ്ടുമായി ബന്ധപ്പെട്ട സാമ്പത്തിക ക്രമക്കേടുകൾ കർശനമായി തടയുന്നതിന് സർക്കാർ പുറപ്പെടുവിച്ച ഈ മാർഗ്ഗനിർദ്ദേശങ്ങൾ 2019 അദ്ധ്യയന വർഷത്തെ പ്രവേശനസമയം മുതൽ കർശനമായി പാലിക്കേണ്ടതും പുതിയ സംവിധാനത്തിൽ രസീതു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഓഡിറ്റ് പരിശോധനയിൻമേൽ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല എന്ന് കണ്ടെത്തിയാൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

വിശ്വസ്തതയോടെ

ഒപ്പ്/-
**സീനിയർ ഫിനാൻസ് ഓഫീസർ**
**(ഡയറക്ടർക്കുവേണ്ടി)**

പകർപ്പ്

എല്ലാ സർക്കാർ/എയ്ഡഡ് സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാരുടെയും അറിവിലേക്ക്